LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാടയ്ക്കൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ആകെ വിസ്തൃതി 28.28 ഏക്കറാണ്. ഇവിടെ 72 യൂണിറ്റുകളാണുള്ളത്. നിലവിൽ 59 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് യൂസേഴ്സ് അസോസിയേഷന്റെ പങ്കാളിത്തത്തോടെ 70:30 എന്ന അനുപാതത്തിൽ പൊതുസൗകര്യ വികസന പരിപാടികൾ നടപ്പാക്കുന്ന പദ്ധതി നിലവിലുണ്ട്. ഇതനുസരിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന വ്യവസായ യൂണിറ്റുകൾ 30% തുക മുടക്കിയാൽ ബാക്കി 70% തുക സംസ്ഥാന സർക്കാരും നൽകി പദ്ധതി നിർദ്ദേശം നടപ്പിലാക്കാൻ കഴിയും.

റാന്നിയിൽ ആരംഭിക്കാനിരിക്കുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്ക്

182(2384) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ ആരംഭിക്കാനിരുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്കിനായി ഉതിമൂട്ടിൽ എത്ര ഭൂമിയാണ് റവന്യൂ വകുപ്പിൽനിന്നും പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത്; എത്രയാണ് പ്രതിവർഷം പാട്ടത്തുക; ഏതുവർഷം വരെയുള്ള പാട്ടത്തുകയാണ് അടച്ചിട്ടുള്ളത്; ഏതെങ്കിലും വർഷത്തെ തുക കടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വർഷത്തെ; കടിശ്ശിക വരാനുണ്ടായ കാരണം എന്താണ് ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇവിടെ അപ്പാരൽ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നില്ലെങ്കിൽ പകരം എന്തു സ്ഥാപനം തുടങ്ങാനാണ് കിൻഫ്ര ആലോചിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) റാന്നി നിയോജകമണ്ഡലത്തിൽ കിൻഫ്രയുടെ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി റാന്നി എം.എൽ.എ. നിർദ്ദേശിച്ച സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റാന്നിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലം പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുണ്ട്. 24,856 രൂപയാണ് പ്രതിവർഷ പാട്ടത്തുക. 2015-16 വർഷംവരെയുള്ള പാട്ടത്തുക കിൻഫ്ര അടച്ചിട്ടുണ്ട്. കടിശ്ശികയൊന്നും നിലവിലില്ല.

(ബി) ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.യുമായി കൂടിയാലോചിച്ച് ജനറൽ ഇൻഡസ്ട്രിയൽ പാർക്ക് എന്ന രീതിയിൽ വ്യവസായം ആരംഭിക്കുന്നതിന് യോജിച്ച സ്ഥലം കണ്ടെത്തുന്നതിന് കിൻഫ്ര എം.ഡി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്പാരൽ പാർക്കിനായി കണ്ടെത്തിയ 1.40558 ഏക്കർ സ്ഥലം സിഡ്കോയ്ക്ക് പി.പി.പി. ആയി വ്യവസായം ആരംഭിക്കുവാൻ ഉപകരിക്കുമോയെന്നും എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായം സംബന്ധിച്ച് സിഡ്കോ എം.ഡി. ബഹുമാനപ്പെട്ട എം.എൽ.എ.യുമായി കൂടിയാലോചിച്ച് ശിപാർശ സമർപ്പിക്കുവാൻ 17-7-2014-ൽ കൂടിയ യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത യോഗതീരുമാന പ്രകാരം സിഡ്കോയ്ക്ക് പി.പി.പി. മാതൃകയിൽ വ്യവസായം ആരംഭിക്കാൻ സാധിക്കുമോയെന്നുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(സി) റാന്നി മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് 100 ഏക്കർ ഭൂമി അനുയോജ്യമാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. അറിയിച്ചിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നിർദ്ദേശാനുസരണം അദ്ദേഹവുമായി കൂടിയാലോചിച്ച ശേഷം കിൻഫ്രയുടെ സാങ്കേതിക ടീമിനെ നിർദ്ദിഷ്ട ഭൂമി പരിശോധിക്കുന്നതിനായി അയയ്ക്കുന്നതാണ്. സാങ്കേതിക ടീമിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിൻഫ്ര തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സ്റ്റാർട്ട് അപ് പോളിസി

183(2385) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ട് അപ് പോളിസിയുടെ കരട് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?